
# BOOKS EDITED

# catharsis




***Catharsis*** is an anthology of various translations, metaphrases and paraphrases of a single Arabic poem, *cholera*, published in 1947 by Nazik Al-Malaika (1923-2007), the pioneeer of the free verse movement in Arabic Literature. The leap of the poetess from conventional poetry to free verse was very controversial and she had to meet with adverse criticism from not only traditionalists but also her own family.

The Malayalam translations of the Arabic poetry represent the novelty for which Nazik Al-Malaika stood throughout her life.

This venture is a similar creative effort to rephrase a single poem drawing the chaos of cholera in diverse form. In fact, this collaborative endeavor is the outcome of the degree students 2010-13 who have opted the Arabic language as common course and dedicated to the lovers of the literature.

Research Department of Arabic
Farook College, University of Calicut, Kerala, India - 673632
www.alarabi.in

# കഥാർസിസ്



Research Department of Arabic
Farook College, University of Calicut, Kerala, India - 673632
www.farookcollege.ac.in

A college with potential for Excellence identified by the UGC, New Delhi

# സന്ദേശം

സാഹിത്യആവിഷ്കാരങ്ങളുടെ വിവർത്ത നക്ഷമത എന്നും ഒരു ചോദ്യമാണ്. അറബ് കവയിത്രി നാസിക് അൽ-മലായിക്കയുടെ 'കോളറ' എന്ന വിഖ്യാത കവിതയുടെ വിവിധങ്ങളായ വിവർത്തനങ്ങളാണ് **'കഥാർസിസ്'** എന്ന പുസ്ത കം. വിവർത്തന പഠനങ്ങളിലെ സ്ഥിരപ്രതിഷ്ഠ നേടിയ സിദ്ധാന്തമാണ്, സാഹിത്യ ആവിഷ്കാര ങ്ങൾ ഒന്നും തന്നെ വിവർത്തനക്ഷമമല്ല എന്നുള്ള ത്.

'Everything is translatable and nothing is..' എന്ന് സാമാന്യരൂപത്തിൽ തന്നെ വിവർത്തന ത്തെക്കുറിച്ച് പറയാറുണ്ട്. ഒരു സാഹിത്യാംശ ത്തിന്റെ വിവർത്തനം ലക്ഷ്യ ഭാഷയിലെ ഒരു പുതിയ ആവിഷ്കാരമാണ്. A translated text is a trans-created text എന്ന് വിവർത്തന പഠനങ്ങളിൽ പറയാറുണ്ട്. അതിനാൽ, നാസിക് അൽ-മലായിക്ക യുടെ 'കോളറ' എന്ന വിഖ്യാത കവിതയുടെ അമ്പ തോളം സർഗാവിഷ്കാരങ്ങളുൾകൊള്ളുന്ന ഈ കൃതി ഈ രംഗത്തെ മാതൃക തന്നെയാണ്.

ഉൽപന്നങ്ങളില്ലാതെ പഠന-ബോധന പ്രക്രിയകളിൽ പരിമിതമാകുന്ന സമകാലിക കലാലയാന്തരീക്ഷങ്ങളിൽ ഇതൊരു വേറിട്ട കാഴ്ച തന്നെയാണ്. ഈ സർഗ്ഗാത്മകതക്ക് എല്ലാവിധ ഭാവു കങ്ങളും നേരുന്നു.

**ഡോ. സി.പി അബൂബക്കർ**
അറബിക് വിഭാഗം തലവൻ

# പ്രവേശിക

വിശ്രുത അറബി കവയിത്രി നാസിക് അൽ-മലായിക്ക (1923-2007) അറബി സാഹിത്യ ലോകത്തെ സ്വതന്ത്ര കവിതയുടെ തുടക്കക്കാരിയായാണ് അറിയപ്പെടുന്നത്. 1947 ൽ അറബി സാഹിത്യ രംഗത്ത് പുതിയൊരു പാത വെട്ടിത്തുറന്നുകൊണ്ട് നാസിക്ക് തന്റെ ആദ്യ സ്വതന്ത്ര കവിത 'കോളറ' പ്രസിദ്ധീകരിച്ചു. 1947 കളിൽ മഹാമാരി ബാധിച്ച ഈജിപ്തിന്റെ ചിത്രം പ്രതിബിംബിക്കുന്ന വിചിത്ര ദർപ്പണമാണ് 'കോളറ'. വികാരോജ്ജ്വലമായ ഒരു സംഭവത്തെ ആവിഷ്കരിച്ചു കൊണ്ടുള്ള ഈ കവിത അതീവ ഹൃദ്യമാണ്. പരമ്പരാഗത രീതിയെ അതിലംഘിച്ചുകൊണ്ടുള്ള ആദ്യ ശ്രമം.

അറബി ഭാഷയിൽ പ്രസിദ്ധീകൃതമായ 'കോളറ' എന്ന സ്വതന്ത്രകവിതയുടെ വിവർത്തന സമാഹാരമാണ് ഈ കൃതി. ജീവിത ഗന്ധിയായ ഒരു സൃഷ്ടിയുടെ വൈവിധ്യ ഭാഷാന്തരങ്ങൾ. കേവല വിവർത്തനങ്ങൾ എന്ന നിലയ്ക്ക് ഈ കൃതിക്ക് പ്രത്യേക വൈശിഷ്ട്യമൊന്നുമില്ല. എങ്കിലും മാറിയ അക്കാദമിക് സമ്പ്രദായങ്ങൾ തീർത്ത നിരന്തര പഠന പ്രവർത്തനങ്ങളുടെ പത്മവ്യൂഹം ഭേദിച്ച് ഇത്തരത്തിലൊരു സർഗ്ഗാത്മകതക്ക് സമയം കണ്ടെത്തിയ, അറബിക്ക് ഭാഷ കോമൺ കോഴ്സ് എടുത്ത, 2010-13 വർഷത്തെ ബിരുദ വിദ്യർത്ഥികളുടെ സാഹിത്യരചനാ പരിശ്രമം  പ്രോത്സാഹനമർഹിക്കുന്നു.

ഈ കൃതിയിലുള്ള ദോഷങ്ങൾക്ക് ഉത്തരവാദികൾ വിവർത്തകരായേക്കാമെന്നതുപോലെ ഇതിൽ വല്ല നല്ല ഗുണോൽക്കർഷവുമുണ്ടെങ്കിൽ അതിനുള്ള ബഹുമതിക്കും അവർതന്നെയായിരിക്കും അവകാശികൾ. ഒരു പൂന്തോട്ടത്തിലെ വിരിഞ്ഞുനിൽക്കുന്ന, സുഗന്ധവും കാന്തിയുമുള്ള പുഷ്പങ്ങൾ പോലെ വിവിധ അളവിലുള്ള ഭാഷ്യങ്ങളാണ് ഇതിലെ വിവർത്തനങ്ങൾ.

നവാഗതരും മുൻപരിചയമില്ലാത്തവരുമായവർ ഈ രംഗത്ത് പൂർണ്ണ പ്രസാദരാവാൻ ശ്രമിക്കുന്നത് ക്ഷിപ്രസാധ്യമല്ലെങ്കിലും ഇത് ഒരു സർഗ്ഗ ശക്തിയുള്ള കാൽവെപ്പാണ്.ഈ കൃതി വായിച്ച് അഭിപ്രായം പറയാൻ കാത്തിരിക്കുന്നവർ കവിതയുടെ പ്രമേയവും മേൽപ്രസ്താവിച്ച വസ്തുതകളും ഓർമിക്കണമെന്ന് പ്രത്യേകം ഉണർത്തുന്നു.


**ചീഫ് എഡിറ്റർ**

ടി. എ. മജീദ്
അസിസ്റ്റന്റ് പ്രൊഫസർ
അറബിക് വിഭാഗം, ഫാറൂഖ് കോളേജ്

# Inklinks

Editors: Dr.Madhumita Ghosh, Dr. Koshy AV, Dr. Zeenath Ibrahim & Rukhaya MK

Managing Editor: Yaseen Anwer



# Poets Corner

**Founder:** Yaseen Anwer

**Core Team:**

Yaseen Anwer

Dr.Madhumita Ghosh

Nikhil Sharma

**Editorial Team** (English):

Dr.Madhumita Ghosh

Ashok Sawhny

Dr. Koshy AV

Dr.Zeenath Ibrahim

Rukhaya MK

**Media Team:**

Dolly Singh

Nikhil Sharma

Payal Pasha

**Editorial Team** (Hindi):

Ashok Sawhny

Raza Amrohwi

**Managing Editor:**

Yaseen Anwer

**Deputy Managing Editor:**

Neha R Krishna

**Project Coordinator:**

Arnab Neogi

Supriya kaur Dhaliwal

Udita Garg

**Planning Team:**

Dolly Singh

Yaseen Anwer

# Contents

DR. A.P.J. ABDUL KALAM ........ 11
AARTI KHURANA ........ 12
AAYUSHI ANAND ........ 14
ABHINANDAN SRIVASTAVA ........ 16
ABHIJEET PAUL ........ 17
ADITYA KAKKAR ........ 18
AISHA NAMREEN ........ 19
ALLAN HAROLD REX ........ 21
AMEENA SHEIKH ........ 23
AMIT SHANKAR ........ 24
AMIT SHEKHAR ........ 26
ANGEL MEREDITH ........ 28
ANIRUDDHA SASTIKAR ........ 30
ANISH SATISH ........ 32
DR. ANITA KAPOOR ........ 34
ANKITA DOSHI ........ 36
ANUPAM NASKAR ........ 37
ANUPAMA DAFRE ........ 39
APARNA PATHAK ........ 41
ARKAJYOTI SAMANTA ........ 42
ARNAB NEOGI ........ 43
ASHOK SAWHNY ........ 45
Dr. A.V KOSHY ........ 47
BHAGYASHREE DESHMANKAR ........ 49
BUSHRA ALVI RAZZACK ........ 51
CHAITANYA DORWAT ........ 54
CHAPPARBAN SAJAUDEEN NIJAMODEEN ........ 56
DAVID J DELANEY ........ 58

## DR. ZEENAT IBRAHIM

Poet, Educationist & Editor at Poets Corner
Kasaragod, India

# CHANGING FACES

Which one is he…
the he in the mirror
the he in the painting or
the painter painting and panting?
The poor mirror assumes
it speaks the truth
unaware of its faint reflection
akin to a shallow critic
or an untrained shrink?
probably just a walled-in view point
of a pointless world view
reflecting only what its square eye sees,
but misses those curves, creases and colours
that lie encrypted behind those dark shades.
The he in the painting only too eager,
absorbs a counterfeit truth
adopting some shades of his own
to match a make-believe world
the inverted smile
fixes a clichéd sentiment
as a sea of emotions gush
through his creator's veins.

He himself a clownish art,
a tiny patch-work in a tattered world
hanging from some invisible strings
juggling with his myriad facades
donning a dozen roles
not knowing which one is he.

## THE REUNION – (A Villanelle)

Wake up love, love never dies
Hear muffled cries in a pounding beat
Memories trickle down my eyes.
A numbing ache beyond surmise
How dreams bow down in sad retreat
Wake up love, love never dies.
Promises of resplendent skies
Shall wait in bliss till spans complete
Memories trickle down my eyes.
My body mourns my soul's demise
A sojourn to pass till my beloved's greet
Wake up love, love never dies.
A celestial bond belying fleeting ties
An eternity, no metaphysical conceit
Memories trickle down my eyes.
Shed your ties and in heaven arise
Let vows embrace for the final meet
Wake up love, love never dies
Memories trickle down my eyes.

*Book Cover by Amit Mazumder*

Poets Corner comprises a group of creative and talented poets with an urge to stand out in the world of words with their poetic art. The primary aim of Poets Corner is to encourage and support creative and deserving poets by having their poetry published. Poets Corner has published eleven books so far including this anthology within a span of 19 months.




POETS CORNER

CYBERWIT.NET

Powered by www.zikrrr.com

ISBN 978-81-8253-371-4

$25 INR 450

52500 >

9 788182 533714

# ഫാറൂഖ് കോളേജ്

## ഓർമ്മ അനുഭവം




എഡിറ്റർ: ഡോ. അസീസ് തരുവണ

FAROOK COLLEGE
ORMA ANUBHAVAM
Malayalam
Farook College: Experience and Recollection
First Edition : December 2013

Editor
Dr. Azeez Tharuvana

Assisted by
T. Abbas

Cover Design
Shahul Aliyar

Printing
K.T. Printers, Mukkam

Published by
Farook College Publications Division
Farook College. P.O., Kozhikode
Kerala 673 632 India
Tel : 0495 2440 660, 2440 664
email : publications@farookcollege.ac.in
www.farookcollege.ac.in

Page : 440
Price : 350/-
Rights Reserved
Copy : 1000
ISBN 978-81-927530-1-0

# ഫാറൂഖ് കോളേജ്

## ഓർമ്മ അനുഭവം

എഡിറ്റർ

**ഡോ.അസീസ് തരുവണ**

**ഫാറൂഖ് കോളേജ്**

പബ്ലിക്കേഷൻസ് ഡിവിഷൻ

ഫാറൂഖ് കോളേജ് പി.ഒ., കോഴിക്കോട് - 673 632

വില : 350/- രൂപ

## ആമുഖം

# ഓർമ്മകൾ അവസാനിക്കുന്നില്ല

ഡോ.അസീസ് തരുവണ

'കാലത്തിന്റെ അദൃശ്യമായ മറുകരയിൽ
നിന്ന് കാലത്തിനു മീതെ വീശുന്ന
ഒരിളം തെന്നലാണ് ഓർമ്മ'

-വൈക്കം മുഹമ്മദ് ബഷീർ

**ഒ**രു കാലഘട്ടത്തിന്റേയും ജനസമൂഹത്തിന്റേയും സംഘസ്വപ്നമായിരുന്നു ഫാറൂഖ് കോളേജ്. കേരളീയ നവോത്ഥാന നായകരുടേയും പ്രസ്ഥാനങ്ങളുടേയും ചിരകാലസ്വപ്നസാക്ഷാത്കാരം. പരിഷ്കർത്താവായ ശൈഖ് ഹമദാനി തങ്ങളും 'ഐക്യസംഘ'വുമെല്ലാം പതിറ്റാണ്ടുകൾക്കു മുമ്പേ ചുവടുവെപ്പുകൾ നടത്തുകയും പലവിധ ഹേതുക്കളാൽ മുടങ്ങിപ്പോവുകയും ചെയ്ത തീവ്രാഭിലാഷം, നവോത്ഥാന നായകരായ അബുസ്സബാഹ് മൗലവിയും കെ.എം.സീതി സാഹിബുമടക്കമുള്ള മഹാരഥന്മാർ സഫലീകരിക്കുകയായിരുന്നു.

അജ്ഞതയുടെ അന്ധത അമാവാസിദിനത്തിലെ ഇരുണ്ട രാത്രിപോലെ സമൂഹത്തെ ഗ്രസിച്ചിരുന്ന ഒരു കാലത്ത് പ്രബുദ്ധതയുടെ വെട്ടം പകരുവാൻ വിദ്യാഭ്യാസമല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്ന് അവർ തിരിച്ചറിയുകയായിരുന്നു. അങ്ങനെയാണ് 1948ൽ ഫാറൂഖ് കോളേജ് സ്ഥാപിതമായത്. മറ്റൊരർത്ഥത്തിൽ, ഫാറൂഖ് കോളേജ് കാലങ്ങൾക്കപ്പുറത്തേക്ക് മിഴിതുറന്ന മഹാജ്ഞാനിയും ധ്യാനഗുരുവുമായ അബുസ്സബാഹിന്റെ ബോധോദയമാണ്; പരിഷ്കർത്താവും പ്രബുദ്ധ രാഷ്ട്രീയത്തിന്റെ വക്താവുമായ കെ.എം. സീതി സാഹിബിന്റെ ദീർഘവീക്ഷണത്തിന്റെ പൂർത്തീകരണമാണ്; ഹൈദ്രോസ് വക്കീൽ അടക്കമുള്ള ത്യാഗികളുടെ അർപ്പണ മനോഭാവവും സഹായഹസ്തവുമാണ്. അതിനെല്ലാമപ്പുറം, ഒരു കാലഘട്ടത്തിന്റെ കരളുരുകിയ തേട്ടവും ദൈവീക വരദാനവുമാണ്...

ഫാറൂഖ് കോളേജിൽ ആദ്യകാലത്ത് പഠിച്ചവരും പഠിപ്പിച്ചവരുമെല്ലാം ഒരേ സ്വപ്നം പങ്കുവെച്ചവരാണ്. അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും അവർക്ക് തൃണവൽക്കരിക്കുവാൻ സാധിച്ചത് മഹത്തായ ലക്ഷ്യം മുമ്പിലു

ണ്ടായിരുന്നത് കൊണ്ടാണ്. ആദർശബോധത്തിന്റേയും ത്യാഗത്തിന്റേയും കാലമായിരുന്നു അത്. സ്ഥാപനത്തിന്റെ അഭ്യുന്നതിയും സാമൂഹിക നവോത്ഥാനവുമായിരുന്നു അവരുടെ ലക്ഷ്യം. സ്വാതന്ത്ര്യം കിട്ടിയയുടനെയുള്ള കാലത്ത് ഫാറൂഖ് കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും ഭാവി രാഷ്ട്രമെങ്ങനെയായിരിക്കണമെന്ന് കൂലംകഷമായി ചിന്തിച്ചതിനെപ്പറ്റി ആദ്യകാല വിദ്യാർത്ഥിയും ചരിത്രപണ്ഡിതനുമായ ഡോ. എം.ജി.എസ് നാരായണൻ തന്റെ ഓർമ്മക്കുറിപ്പിൽ അനുസ്മരിക്കുന്നുണ്ട്.

ഇന്ന്, രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക, സാഹിത്യാദി മേഖലകളിൽ പ്രശോഭിച്ചു നിൽക്കുന്ന നിരവധി പ്രതിഭകളെ സംഭാവന ചെയ്യുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞു. മറ്റൊരു കാമ്പസിനും അവകാശപ്പെടാനാവാത്തവിധം പ്രതിഭകളുടെ പവിത്രസംഗമമായി എക്കാലത്തും ഫാറൂഖ് കോളേജ് നിലകൊണ്ടു. പഠിച്ചിറങ്ങിയവർക്കാവട്ടെ, ഫാറൂഖ് കോളേജ് ഒരു വികാരമാണ്; തങ്ങൾ ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്ന തീവ്രബോധം അവരെ നിരന്തരം ബന്ധിപ്പിക്കുന്നു. പിന്നാലെ വരുന്നവരെ കൊച്ചനുജനും അനുജത്തിമാരുമായി കണ്ട് അവരെ പലവിധത്തിൽ സഹായിക്കുവാൻ അവർ തയ്യാറാവുന്നു. എല്ലാ വർഷവും വിവിധ ഡിപ്പാർട്ട്മെന്റ് ബാച്ചുകളും ഹോസ്റ്റൽമേറ്റു ഗ്രൂപ്പുകളും സംഗമങ്ങൾ നടത്തുന്നു. തങ്ങളുടെ മാതൃസ്ഥാപനത്തിന്റെ ഉത്തരോത്തര വികാസത്തിന് തങ്ങൾക്കെന്തു ചെയ്യുവാനാകുമെന്ന് കൂടിയാലോചിക്കുന്നു; തങ്ങൾക്ക് എന്തു കിട്ടുമെന്നല്ല, എന്തു നൽകുവാനാകുമെന്നവർ ചിന്തിക്കുന്നു; 'ഫാറൂഖിയൻ' എന്നതിൽ അഭിമാനിക്കുന്നു.

**രണ്ട്**

ജീവിതത്തിന്റെ വസന്തമാണ് കാമ്പസ് കാലഘട്ടം. അതിരുകളില്ലാത്ത സ്വപ്നങ്ങളുടെ ഭൂമിക. അതിരുകളേയും എതിരുകളേയും മതിൽക്കെട്ടുകളേയും തച്ചുതകർക്കുവാൻ വെമ്പുന്ന കാലം. വ്യവസ്ഥയുടെ ലംഘനത്തോടൊപ്പം പുതുലോകം കിനാവു കാണുന്ന കുപിത,ക്ഷുഭിത കാലം. കണ്ണിൽ കടലിരമ്പുകയും മനസ്സിൽ നിലാവുപെയ്യുകയും ചെയ്യുന്ന കാൽപനിക സുന്ദരമായ ജീവിതത്തിലെ ആഘോഷകാലം. കവിത, വിപ്ലവം, പ്രണയം തുടങ്ങിയവ ഈ കാലയളവിന്റെ സഹജാവബോധമാണ്.

സമൂഹത്തിലെ മാറ്റങ്ങൾക്ക് കാമ്പസുകൾ നേതൃത്വം നൽകിയ ഒരു കാലഘട്ടമുണ്ടായിരുന്നു. അന്ന് പുതുചിന്തയുടെ നാമ്പുകൾ തളിരിട്ടത് കാമ്പസുകളിൽ നിന്നാണ്. സമൂഹത്തിലെ പ്രശ്നങ്ങൾ കാമ്പസുകളെ അക്കാലത്ത് പിടിച്ചുലച്ചു. എഴുപതുകളിലെ ഫാറൂഖ് കോളേജ് അതിന് മികച്ച തെളിവാണ്. സമൂഹത്തിനും കാമ്പസിനുമിടയിൽ അന്ന് മതിൽക്കെട്ടുകളില്ലായിരുന്നു. ഇരുഭാഗങ്ങളിൽ നിന്നുമുള്ള കാറ്റ് അങ്ങോട്ടുമിങ്ങോട്ടുമാഞ്ഞു

വീശി. അടിയന്തരാവസ്ഥയുടെ അശാന്തിയും അസ്വസ്ഥതകളും ഫാറൂഖിലും കരിമേഘങ്ങൾ പടർത്തിയതായി ഓർമ്മകൾ സാക്ഷ്യപ്പെടുത്തുന്നു. എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥി രാജനെ പോലീസ് പിടിച്ചുകൊണ്ടുപോയി കൊലപ്പെടുത്തിയപ്പോൾ അത് ഫാറൂഖിന്റെയും രോഷത്തിനിടയാക്കി. "രാജൻ എവിടെ, രാജൻ എവിടെ, പറയൂ പറയൂ പ്രിൻസിപ്പാളെ?" എന്ന മുദ്രാവാക്യത്തോടെ പ്രിൻസിപ്പാളിന്റെ മുറിക്കു മുന്നിൽ വിദ്യാർത്ഥികൾ കുത്തിയിരിപ്പ് നടത്തിയതായി മാധ്യമപ്രവർത്തകനായ കെ.എം. നരേന്ദ്രൻ ഓർമ്മക്കുറിപ്പിൽ പറയുന്നു. ഇന്ന് വായിക്കുമ്പോൾ തമാശയായി തോന്നാമെങ്കിലും വിദ്യാർത്ഥികളിലെ പ്രബുദ്ധരാഷ്ട്രീയം എത്രമേൽ തീക്ഷ്ണമായിരുന്നുവെന്ന് അവ സാക്ഷ്യപ്പെടുത്തുന്നു.

കേരളത്തിലാദ്യമായി ഒരു കോളേജിൽ ഫലസ്തീനെ അനുകൂലിച്ച് പ്രകടനം നടത്തിയത് ഫാറൂഖിലായിരുന്നുവെന്ന് കഥാകൃത്ത് പി.കെ. പാറക്കടവ്. ഹോസ്റ്റലിൽ നിന്ന് രാത്രി പെട്രോമാക്സ് കത്തിച്ച്, ഗ്രൗണ്ടിൽ പ്രകടനം നടത്തിയതും റിച്ചാർഡ് നിക്സനെതിരെയും ലൈലാ ഖാലിദിനെ അനുകൂലിച്ചുമൊക്കെ മുദ്രാവാക്യം മുഴക്കിയതും ഉൾപ്പുളകത്തോടെ പാറക്കടവ് അയവിറക്കുന്നു. ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങൾ കാമ്പസിനെ ഇളക്കിമറിച്ച കാലം.

ഫാറൂഖിൽ പഠിച്ച്, പിൽക്കാലത്ത് എഴുത്തിന്റേയും പത്രപ്രവർത്തനത്തിന്റേയും മേഖലകളിൽ ശോഭിച്ചവരെല്ലാം ആദ്യമുകുളങ്ങൾ പൊട്ടിവിടർന്നത് ഈ കാമ്പസിൽ നിന്നായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു. നിലാവുള്ള രാത്രികളിൽ ഹോസ്റ്റലിൽ നിന്നിറങ്ങി കാമ്പസിന്റെ മരത്തണലിലിരുന്ന് സാഹിത്യവും സൗഹൃദവും കൊറിച്ചത് അവരിന്നും മധുരിക്കുന്ന ഓർമ്മകളായി കൊണ്ടുനടക്കുന്നു.

കലഹിക്കുന്ന യുവത്വം ഫാറൂഖിന്റെ മുഖമുദ്രയാണ്. യുവത്വത്തിന്റ പ്രസരിപ്പുകളേയും നാഡിമിടിപ്പുകളെയും ഏറ്റുവാങ്ങുവാനുള്ള ഊർജ്ജ സംഭരണിയായി ഈ കലാലയം എന്നും നിലകൊണ്ടു. അതിന്റെ സാക്ഷ്യതയാണ് എന്നും മികവു പ്രകടിപ്പിച്ച കോളേജ് മാഗസിനുകൾ.

'പാഠ്യേതര' പ്രവർത്തനങ്ങളുടെ വ്യവസ്ഥാപിത രൂപമായ എൻ.എസ്.എസിന്റെ പ്രവർത്തനങ്ങൾ മറ്റൊരു കാമ്പസിനും അവകാശപ്പെടാനാവാത്തവിധം ഫാറൂഖിൽ സർഗാത്മകവും നിർമ്മാണാത്മകവുമാണെന്ന് ദീർഘകാലം എൻ.എസ്.എസ് കോർഡിനേറ്ററായിരുന്ന, എൻ.പി.ഹാഫിസ് മുഹമ്മദ് സാക്ഷ്യപ്പെടുത്തുന്നു. ഫാറൂഖിന്റെ കലാലയ രാഷ്ട്രീയമെന്നത് സാംസ്ക്കാരിക രാഷ്ട്രീയമാണ്. നിതാന്ത ശത്രുതയ്ക്കും അനാരോഗ്യകരമായ ഏറ്റുമുട്ടലുകൾക്കും ഫാറൂഖ് കോളേജ് വേദിയാവാറില്ല. കാമ്പസ് രാഷ്ട്രീയത്തിൽ നിന്ന് നേരെ സംസ്ഥാന നേതൃത്വത്തിലേക്കും തുടർന്ന് നിയമസഭയിലേക്കും ലോക്സഭയിലേക്കും എത്തിപ്പെട്ടവർ നിരവധി. കാമ്പസ്

തെരഞ്ഞെടുപ്പു കാലം സജീവതയുടേയും ഉണർവ്വിന്റേയും കാലമാണ്. വോട്ടു തേടി ക്ലാസ്മുറികളിലും ഹോസ്റ്റലുകളിലും അലഞ്ഞതും തെരഞ്ഞെടുപ്പിൽ തോറ്റതും ജയിച്ചതുമെല്ലാം മറക്കാനാവാത്ത സ്മരണകളായി ഈ ഓർമ്മക്കുറിപ്പുകളിൽ പലരും കുത്തിക്കുറിച്ചു.

ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്ന, പ്രകാശം പരത്തിയ ഗുരുനാഥന്മാർ നിരവധിയാണ്. അവർ ഓരോരുത്തരും സവിശേഷ പഠനമർഹിക്കുംവിധം അനന്യരാണ്. വിദ്യാഭ്യാസ വിചക്ഷണനായ, 'പ്രിൻസിപ്പാളന്മാരുടെ പ്രിൻസിപ്പാളായ' കെ.എ. ജലീൽ സാർ ഓർമ്മകളിൽ ഏറ്റവും കൂടുതൽ അനുസ്മരിക്കപ്പെട്ടു. വ്യവസ്ഥയെ വെല്ലുവിളിക്കുന്ന തരത്തിൽ ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്ത, വിദ്യാർത്ഥികൾക്കൊപ്പം ആടുകയും പാടുകയും ചെയ്ത ഇംഗ്ലീഷ് അധ്യാപകനായ ബാബുപോൾ ഒരു തലമുറയുടെ ഓർമ്മകളിലെ നിറസാന്നിദ്ധ്യമാണ്. യഥാർത്ഥത്തിൽ ആരായിരുന്നു അദ്ദേഹമെന്നന്വേഷിക്കുന്ന എ.പി. കുഞ്ഞാമുവിന്റെ ഓർമ്മ എടുത്തു പറയേണ്ടതാണ്. ഫാറൂഖ് കോളേജിനെ ധിഷണ കൊണ്ട് നയിച്ചവർ അനവധിയാണ്. അവരിൽ പലരും ഓർമ്മകളിൽ പ്രകാശഗോപുരമായി നിലകൊള്ളുന്നു.

ഹോസ്റ്റൽ ജീവിതം കൂടി ചേരുമ്പോഴാ കാമ്പസ് കാലഘട്ടം പൂർണമാകുന്നതെന്ന് പറയാറുണ്ട്. ഫാറൂഖിനെ സംബന്ധിച്ചിടത്തോളം ഇതു നൂറു ശതമാനം ശരിയാണ്. ഹോസ്റ്റൽ ജീവിതത്തിന്റെ വളരെ പഴയതും പുതിയതുമായ നിരവധി ഓർമ്മകൾ ഈ സമാഹാരത്തിലുണ്ട്. കറന്റില്ലാത്ത കാലത്ത് മെഴുകുതിരി വെട്ടത്തിൽ പഠിച്ചതിനെപ്പറ്റി ടി.കെ. ഹംസ. ഹോസ്റ്റലിൽ നിന്ന് ഭക്ഷണം കിട്ടാൻ, നാട്ടിലെ റേഷൻ കാർഡിൽ നിന്ന് പേര് വെട്ടിയതിന്റെ സാക്ഷ്യപത്രം നൽകേണ്ടിയിരുന്ന വറുതിയുടെ കാലം. ഇല്ലായ്മയിലും ഒരുമയുടെ രുചി അനുഭവിച്ചിരുന്നവർ. ഹോസ്റ്റൽ ജീവിതത്തിന്റെ സർഗാത്മകത അനുഭവിച്ച് വിവരിക്കുന്നു യാസീൻ അശ്റഫ്.

ഫാറൂഖ് കോളേജ് കേവലമൊരു കാമ്പസല്ല. ഭാവി ജീവിതത്തിന്റെ ഭാഗധേയങ്ങൾ നിർണ്ണയിക്കാൻപോന്ന ശക്തമായ സാന്നിധ്യങ്ങളുടെയും സ്വാധീനങ്ങളുടെയും ആകെത്തുകയാണെന്ന് കവി ഒ.പി. സുരേഷ്. കവിത, രാഷ്ട്രീയം, പ്രണയം, സൗഹൃദം അന്വേഷണം, സിനിമ എന്നിങ്ങനെ പിൽക്കാലത്ത് സ്വത്വ നിർമിതി കൂടിയായിത്തീർന്ന നിരവധി അഭിരുചികൾ പരിചയിച്ചതും പരീക്ഷിച്ചതുമെല്ലാം ഫാറൂഖിലായിരുന്നെന്നും കേവലം അഞ്ചുവർഷത്തെ ഫാറൂഖിയൻ ജീവിതം അടിത്തറയിട്ടത് ഒരായുഷ്കാലത്തിന്റെ ആത്മവിശ്വാസത്തിനും കർമ്മോത്സുകതയ്ക്കുമാണെന്നും സുരേഷ് തറപ്പിച്ചു പറയുമ്പോൾ അത് സകല ഫാറൂഖിയന്മാരുടേയും കണ്ഠങ്ങളിൽ നിന്നുയരുന്ന ഏകസ്വരമായി മാറുന്നു.

സത്യത്തിൽ, ഫാറൂഖ് കോളേജ് കാമ്പസ് പലതിന്റേയും തുടക്ക

മാണ്, തുടർച്ചയാണ്, അവസാനവും. പുതിയ ചിന്തകൾ, ബന്ധങ്ങൾ, സ്വപ്നങ്ങൾ, കൂട്ടായ്മകൾ, പ്രണയം, സൗഹൃദം, ലൈബ്രറി തുറന്നിട്ട പുതിയ ലോകം.... ഓർമ്മകളിൽ അവ മധുരമായി നിറയുന്നു.

ആർക്കും എന്തിനും ഇടമുള്ള ഒരു കാമ്പസ്. ഒരാളെയും ഈ കാമ്പസ് ബഹിഷ്കൃതനാക്കുന്നില്ല. എന്തെങ്കിലും സ്വന്തമായുള്ളവർക്ക് അതാതിന് ഇടം നൽകി ഓമനിച്ചു വളർത്തിയിട്ടുണ്ട്. പഠിക്കേണ്ടവർക്ക് പഠിക്കാം. കളിക്കേണ്ടവർക്ക് കളിക്കാം. മറ്റെന്തെങ്കിലുമാണെങ്കിൽ അങ്ങനെ. പുറമേക്ക് എങ്ങനെയൊക്കെ പ്രത്യക്ഷമാകുമ്പോഴും അകം നിറയുന്ന സ്നേഹത്തിന്റയും സ്വാതന്ത്ര്യത്തിന്റെയും ഇടങ്ങൾ സൂക്ഷിക്കുന്ന കാമ്പസ്. ഹൃദയംകൊണ്ട് തിരഞ്ഞാൽ മാത്രം കണ്ടെത്തുന്ന ആ രഹസ്യങ്ങളുടെ സാന്ത്വനം. നെറ്റിയിൽ ഹരിചന്ദനം പുരട്ടുന്ന ഓർമ്മയായി ഇന്നും ഫാറൂഖ് ഹൃദയത്തിൽ നിറയുന്നതിനും മറ്റു കാരണങ്ങളില്ലായെന്ന് കവി ഒ.പി.സുരേഷ്.

## മൂന്ന്

ഓർമ്മകൾ അവസാനിക്കുന്നില്ല. ഓരോ കാലഘട്ടവും പുത്തൻ അറിവുകളും അനുഭവങ്ങളും സമ്മാനിക്കുന്നു. ഈ പുസ്തകത്തിൽ ഫാറൂഖ് കോളേജ് സ്ഥാപിക്കുവാൻ അശ്രാന്തപരിശ്രമം നടത്തിയ സ്ഥാപകരുടെ ഓർമ്മകളുണ്ട്. പല കാലത്തായി ഈ കാമ്പസിൽ പഠിച്ചവരും പഠിപ്പിച്ചവരുമായവരുടെ അനുഭവങ്ങളുണ്ട്. പല രീതിയിൽ കാമ്പസുമായി ബന്ധപ്പെട്ടവരുടെ ഓർമ്മയും സ്വപ്നങ്ങളുമുണ്ട്.

ഇതിനകം ഈ കാമ്പസിൽ നിന്ന് അരലക്ഷത്തിലേറെ പേർ പഠിച്ചിറങ്ങിയിട്ടുണ്ട്. ഇവരിൽ ഓരോ ഫാറൂഖിയനും പറയുവാൻ വ്യത്യസ്തമായ ഓർമ്മകളാണുണ്ടാവുക. അതിനാൽ അപൂർണമായ ഈ ഓർമ പുസ്തകം ഫാറൂഖ് കോളേജ് എന്ന അനുഭവ സമുദ്രത്തിൽ നിന്നുള്ള ഒരു തുള്ളി മാത്രമാണ്. ഇതിൽ ഉൾപ്പെട്ടവരേക്കാൾ ഉൾപ്പെടാത്തവരാണ് കൂടുതൽ.

ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയ ഓർമ്മകളിൽ തൊണ്ണൂറ്റിയൊമ്പത് ശതമാനവും പ്രീഡിഗ്രി, കോളേജിൽ നിന്ന് വേർപെടുത്തുന്നതിന് മുമ്പുള്ള കാലഘട്ടത്തിലെ അനുഭവങ്ങളാണ്. ഇന്റേണൽ മാർക്കും സെമസ്റ്റർ സിസ്റ്റവും വരുന്നതിനു മുമ്പുള്ള അനുഭവങ്ങൾ. പുതിയ കാലത്തിന്റെ മാറ്റങ്ങളും അനുഭവങ്ങളും തികച്ചും വ്യത്യസ്തമാണ്. തീർച്ചയായും വരുംതലമുറയ്ക്ക് തങ്ങളുടെ മാറ്റങ്ങളെ അളക്കുവാനുള്ള മാനദണ്ഡമായി ഈ ഓർമ്മ പുസ്തകം മാറിയേക്കാം.

കഴിഞ്ഞ കാലത്തിന്റെ 'അപൂർണമായ ചരിത്ര'മാണ് ഈ പുസ്തകം. നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന, സർഗാത്മകമായ കാമ്പസിന്റെ ഓർമ്മകളുടേയും അനുഭവങ്ങളുടേയും സമരോത്സുകമായ ചരിത്രം. വ്യവസ്ഥാ

പിത ചരിത്ര ഗ്രന്ഥത്തിൽ പറയാതെ പോകുന്ന, അപ്രധാനമെന്നു തോന്നാവുന്ന സുപ്രധാന ചരിത്രഖണ്ഡം.

ഇതിലുൾപ്പെടുത്തിയ മരണപ്പെട്ടുപോയവരുടെ ഓർമ്മക്കുറിപ്പുകൾ മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടവയാണ്. അബുസ്സബാഹ് മൗലവിയടക്കമുള്ള ഒട്ടേറെ മഹദ് വ്യക്തികളുടെ ഓർമ്മക്കുറിപ്പുകൾ കണ്ടുകിട്ടാത്തതുകൊണ്ട് ഇതിലുൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അവരിൽ പലരേയും ഈ പുസ്തകത്തിൽ പലവിധത്തിൽ അനുസ്മരിക്കപ്പെടുന്നുണ്ട്. ഈ സമാഹാരത്തിലേക്ക് ഓർമ്മകളും അനുഭവങ്ങളും ക്ഷണിച്ചുകൊണ്ട് പലതവണ പത്ര പരസ്യങ്ങൾ നൽകുകയുണ്ടായി. ചുരുങ്ങിയ കാലയളവിനുള്ളിൽ അഭൂതപൂർവ്വമായ പ്രതികരണങ്ങളാണ് ഞങ്ങൾക്ക് കിട്ടിയത്.

ഇതുമായി നേരിട്ടും അല്ലാതെയും സഹകരിച്ചവർ നിരവധിയാണ്. വിവിധ 'ഫോസ' ഘടകങ്ങൾ, 'നിർബന്ധമായും ഉൾപ്പെടുത്തേണ്ടവർ' എന്നറിയിച്ചുകൊണ്ട് പേരുവിവരങ്ങളും മറ്റും തന്ന് സഹായിച്ച എ.പി.കുഞ്ഞാമു, എൻ.പി.ഹാഫിസ് മുഹമ്മദ്, ഫാറൂഖ് കോളേജ് പ്രിൻസിപ്പൽ ഇ.പി.ഇമ്പിച്ചിക്കോയ, മലയാള വിഭാഗം തലവൻ എ.ഷാജഹാൻ, ഇംഗ്ലീഷ് വിഭാഗം അധ്യാപകൻ കെ. ബഷീർ, മലയാള വിഭാഗം അസോസിയേറ്റ് പ്രൊഫസർ കെ.എം. നസീർ, സി.എ.അനസ്, കമറുദ്ദീൻ പരപ്പിൽ, ഓർമ്മകളിൽ ചിലത് സംഘടിപ്പിച്ചു തന്ന തളിപ്പറമ്പ് സർസയ്യിദ് കോളേജിലെ ബോട്ടണി വിഭാഗം അധ്യാപകൻ ഡോ. സലാം കൊടുവള്ളി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥി ടി. മൻസൂറലി, ഫാറൂഖ് കോളേജ് അധ്യാപകർ, അബുസ്സബാഹ് ലൈബ്രറി പ്രവർത്തകർ, കൃതി ഡി.ടി.പി ചെയ്തു തന്ന ആദിസ് ബാസിൽ തുടങ്ങി പലവിധത്തിൽ സഹകരിച്ച എല്ലാവരോടും വാക്കുകളിലൊതുങ്ങാത്ത നന്ദിയും കടപ്പാടും അറിയിക്കുന്നതോടൊപ്പം ഈ ഓർമ്മകളുടേയും അനുഭവങ്ങളുടേയും സമാഹാരം, മൂന്ന് പതിറ്റാണ്ടു കാലം ഫാറൂഖ് കോളേജ് മുഖ്യ ലൈബ്രേറിയനായി (1981-2013) പ്രവർത്തിച്ച് വിരമിക്കുന്ന എം. അയ്യൂബിന് സാദരം സമർപ്പിക്കുന്നു.

ഫാറൂഖ് കോളേജ്
01/12/2013

# ഉള്ളടക്കം

## ഭാഗം ഒന്ന്

1. **കെ.എം. സീതി സാഹിബ്** ഫാറൂഖ് കോളേജ് എന്ന സ്വപ്നം 17
2. **അധ്യ: എം.വി. ഹൈദ്രോസ്സ്** ഫാറൂഖ് കോളേജിന്റെ ചരിത്രം 21
3. **സെയ്ദ് മൊഹിദ്ദീൻ ഷാ** ഒരു ദീപം തെളിയുകയായി 26
4. **സി.എൻ. അഹ്മദ് മൗലവി** കറുത്തപാലും കടുത്തമന്ത്രവും 29
5. **സി.എച്ച്. മുഹമ്മദുകോയ** സ്മരണയുടെ ചുരുളഴിയുമ്പോൾ 31
6. **പ്രൊഫ. കെ.എ. ജലീൽ** ഉയരങ്ങളിലേക്ക് 34
7. **കുഞ്ഞോയി വൈദ്യർ** കാട്ടിൽ നിന്ന് നാട്ടിലേക്ക് 38
8. **പ്രൊഫ. വി. മുഹമ്മദ്** ഒളിമങ്ങാത്ത ഒന്നാം വർഷം 41
9. **വി.എം. മമ്മു സാഹിബ്** ഒരു വാഗ്ദാനം ഒരു തുടം കണ്ണീർ 45
10. **ഡോ. എം.കെ. മുഹമ്മദ് കോയ** "നിങ്ങടെയല്ല നമ്മടെ..." 47
11. **കെ.സി. ഹസ്സൻകുട്ടി** സേവനത്തിൽ സംതൃപ്തി 49
12. **കെ.വി. കുഞ്ഞമ്മദ് കോയ** തലമുറകളുടെ സംഗമം 51
13. **അധ്യ: എം. മുഹമ്മദ്** നാൽപതാം വാർഷികാഘോഷം 53

## ഭാഗം രണ്ട്

1. **ഡോ. എൻ.എ. കരീം**
   ഫാറൂഖ് കോളേജ് എന്റെ വാത്സല്യനിധിയായ പോറ്റമ്മ 56
2. **എൻ.എം. അബൂബക്കർ കോയ** യമന്റെ കോടതി 59
3. **ഡോ. എം.ജി.എസ്. നാരായണൻ** എന്റെ ഫാറൂഖ് കോളേജ് കാലം 61
4. **പി.എ. ലത്തീഫ്** സത്യാഗ്രഹം കൊണ്ട് തുടങ്ങി... 67
5. **ടി.കെ.ഹംസ** വെളിച്ചം പകർന്ന ക്യാമ്പസ് 70
6. **റഹീം മേച്ചേരി** മാതൃകാ ജനാധിപത്യം മാതൃകാ മതേതരത്വം 72
7. **വി.വി. ദക്ഷിണാ മൂർത്തി** എനിക്കഭയം തന്ന സ്ഥാപനം 74
8. **എ.പി. കുഞ്ഞാമു** യഥാർത്ഥത്തിൽ ആരായിരുന്നു അദ്ദേഹം? 78
9. **പി.കെ. പാറക്കടവ്** ബദാം മരത്തിന്റെ ഇലകൾ 84